GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/09/2026

1. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ നടത്തുന്ന ആറുമാസ ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യൂ കൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചർ, ബയോളജി, ബോട്ടണി വിഷയങ്ങളിലേതെങ്കിലും പഠിച്ച് പ്ലസ് ടു/വി.എച്ച്.എസ്.ഇ വിജയിച്ച, 2026 ഏപ്രിൽ ഒന്നിന് 35 വയസിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ കോഴ്സിനും ബാധകമാണ്.

   മൂന്ന് മാസം പരിശീലനവും തുടർന്ന് മൂന്ന് മാസം അപ്രന്റിസ്ഷിപ്പും ഉൾപ്പെടുന്നതാണ് കോഴ്സ്. ടിഷ്യൂ കൾച്ചർ, നഴ്സറി മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ

സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായകമായ പ്രായോഗിക പരിശീലനമാണ് കോഴ്സിലൂടെ നൽകുന്നത്. ഒരു ബാച്ചിൽ പരമാവധി 20 പേർക്കാണ് പ്രവേശനം. കോഴ്സ് ഫീസ് 4,500 രൂപയാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മൂന്ന് മാസത്തെ അപ്രന്റിസ്ഷിപ്പ് പരിശീലനവും ലഭിക്കും. അപ്രന്റിസ്ഷിപ്പ് കാലയളവിൽ പ്രതിമാസം 1,500 രൂപ സ്റ്റൈപന്റ് നൽകുന്നതാണ്.

അപേക്ഷാ ഫോമും പ്രോസ്പെക്ടസും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in ൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: സെപ്റ്റംബർ 9 വൈകിട്ട് 4.30 വരെ. തിരഞ്ഞെടുത്ത അപേക്ഷകരുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി: സെപ്റ്റംബർ 15, 2026 കൂടുതൽ വിവരങ്ങൾക്ക് 9383470292, 9383470296 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2) K-AgTech Launchpad സംഘടിപ്പിക്കുന്ന 2 ദിവസത്തെ കൂൺകൃഷി പരിശീലനം വെള്ളായണി കാർഷിക കോളേജിൽ 2026 സെപ്റ്റംബർ 9, 10 തീയതികളിൽ നടത്തുന്നു. ശാസ്ത്രീയ കൂൺകൃഷി രീതികൾ, സബ്സ്ട്രേറ്റ് തയ്യാറാക്കൽ, രോഗനിയന്ത്രണം, സ്പോൺ മാനേജ്മെന്റ്, വിളവെടുപ്പ്, വിപണനം എന്നിവ ഈ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് 1000/- രൂപ. രജിസ്ട്രേഷനുള്ള **അവസാന തീയതി സെപ്റ്റംബർ 6.** കൂടുതൽ

വിവരങ്ങൾക്ക് **9995624888** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3) കാർഷിക സർവകലാശയിലെ പി.ജി., പി.എച്ച്.ഡി. പ്രോഗ്രാമുകളിലെ പ്രവേശനത്തിന് സെപ്റ്റംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. ICAR എൻട്രൻസ് ഫലം വന്ന് 7 ദിവസം വരെ സാവകാശം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487-2438139** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4) ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ **'സുരക്ഷിതമായ പാലുൽപ്പാദനം'** എന്ന വിഷയത്തിൽ **സെപ്റ്റംബർ 2, 3** തീയതികളിലായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം, ഡയറി എക്സ്റ്റൻഷൻ ഓഫീസർമാർ, ബന്ധപ്പെട്ട ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ എന്നിവർ മുഖേന **2026 സെപ്റ്റംബർ 1 വൈകിട്ട് 5 മണിക്ക് മുമ്പായി** രജിസ്റ്റർ ചെയ്യണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള ആവശ്യമായ രേഖകൾ ഹാജരാക്കണം. **രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്.** കഴിഞ്ഞ മൂന്ന് വർഷങ്ങളിലേതെങ്കിലും സമാന പരിശീലനത്തിൽ ഓഫ്‌ലൈനായി പങ്കെടുത്തിട്ടുള്ളവർക്ക് ഈ

പരിശീലനത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടാകില്ല. കൂടുതൽ വിവരങ്ങൾക്ക് 8089391209, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5) കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026 –27 വർഷത്തിൽ " **കാർഷികകേരളം പുതുയുഗപ്പിറവിയിലേക്ക്**" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഹൈടെക് കൃഷിരീതികൾ, നൂതന സാങ്കേതികവിദ്യകൾ, പുതുസംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയ കാർഷികമേഖലയുടെ വിവിധ തലങ്ങൾ എന്നിവ ആസ്പദമാക്കിയുള്ള ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്. കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും വേണം. പ്രായഭേദമന്യേ എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയക്കാം. എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല. മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒന്നാം

സമ്മാനം 20,000/-, രണ്ടാം സമ്മാനം 10,000/-, മൂന്നാം സംമ്മാനം ₹5,000/-, പ്രോത്സാഹന സമ്മാനം ₹1,000/- വീതം 10 പേർക്ക് എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, farmphotography2026@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സപ്തംബർ 30 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.